"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- **2025-26** സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയ്ക്കായി കിലയ്ക്ക് അനുവദിച്ച തുക-പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐബി)വകുപ്പ്

സ.ഉ.(സാധാ) നം.**2133/2025/LSGD** തീയതി,തിരുവനന്തപുരം, **29-08-2025**

---

പരാമർശം:-
1. സ.ഉ(സാധാ)നം.**1537/2025/LSGD** തീയതി. **21.06.2025**
2. സ.ഉ(സാധാ)നം.**1903/2025/LSGD** തീയതി.**01.08.2025**
3. പ്രിൻസിപ്പൽ ഡയറക്ടർ,തസ്വഭവ-യുടെ **23.08.2025** തീയതിയിലെ **LSGD/PD/14925/2025-CSSA5** നമ്പർ കത്ത്.
4. കില ഡയറക്ടർ ജനറലിന്റെ **25.08.2025** തീയതിയിലെ **2024/6360/HQ** നമ്പർ കത്ത്.

ഉത്തരവ്

**2025-26** സാമ്പത്തിക വർഷത്തെ കിലയുടെ വാർഷിക പദ്ധതിയ്ക്കായി പരാമർശം**(1)** പ്രകാരം **29.32** കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത തുകയിൽ നിന്നും പരാമർശം **(2)** പ്രകാരം **8.42** കോടി രൂപ **2515-00-003-99-36(P)** എന്ന ശീർഷകത്തിൽ കിലയ്ക്ക് അനുവദിച്ചു നൽകിയിരുന്നു. എന്നാൽ പ്രസ്തുത തുക റിലീസ് ചെയ്യുന്നതിനാവശ്യമായ അലോക്കേഷൻ **2515-00-003-99-36**(പി) എന്ന ശീർഷകത്തിൽ ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ ലഭ്യമായ തുകയായ **8,41,96,033/-** രൂപ (എട്ട് കോടി നാൽപ്പത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി മുപ്പത്തി മൂന്ന് രൂപ മാത്രം) കിലയ്ക്ക് അനുവദിച്ചുകൊണ്ട് നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ടെന്നും എന്നാൽ ട്രഷറിയിൽ ബില്ല് മാറുന്നതിലേയ്ക്ക് പുതുക്കിയ സർക്കാർ ഉത്തരവ് കൂടി ലഭ്യമാക്കേണ്ടതുണ്ടെന്നും ആയതിനാൽ, **2515-00-003-99-36**(പി) എന്ന ശീർഷകത്തിൽ ലഭ്യമായിട്ടുള്ള **8,41,96,033/-** രൂപ കിലയ്ക്ക് **2025-26**-ലെ ഗ്രാന്റ് ഇൻ എയ്ഡ് ഇനത്തിൽ അനുവദിക്കുന്നതിന് വേണ്ടി പരാമർശം**(2)** ഉത്തരവ് പരിഷ്കരിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കണമെന്ന് പരാമർശം**(3)** പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ടെന്നും ആയതിന്റെയടിസ്ഥാനത്തിൽ ചുവടെ പറയുന്ന പട്ടിക പ്രകാരമുള്ള തുക അനുവദിച്ചു തരുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നും പരാമർശം**(4)** പ്രകാരം കില ഡയറക്ടർ ജനറൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

| ഹെഡ് ഓഫ് അക്കൗണ്ട് 2515-00-003-99-36(P) | | |
|---|---|---|
| ക്രമ നം. | സ്കീം/പ്രവർത്തനങ്ങൾ | പ്ലാൻ തുക |
| 1 | കാര്യശേഷി വികസനം | 5,00,00,000 |
| 2 | ഡോക്യുമെന്റേഷൻ & ഡിസ്സമിനേഷൻ | 55,00,000 |
| 3 | സ്ഥാപനപരമായ ശക്തിപ്പെടുത്തൽ | 1,55,00,000 |
| 4 | അടിസ്ഥാന സൗകര്യ വികസനം | 1,31,96,033 |
| | ആകെ | 8,41,96,033 |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിലയുടെ 2025-26 വർഷത്തെ വാർഷിക പദ്ധതികൾക്കായി അനുവദിച്ച 8.42 കോടി രൂപ റിലീസ് ചെയ്യുന്നതിനാവശ്യമായ അലോക്കേഷൻ 2515-00-003-99-36(പി) എന്ന ശീർഷകത്തിൽ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ, കിലയ്ക്ക് അനുവദിച്ച 8,41,96,033/- രൂപയുടെ ബില്ല് ട്രഷറിയിൽ മാറുന്നതിലേയ്ക്ക് പരാമർശം(2) ഉത്തരവ് പുതുക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ഡയറക്ടർ ജനറൽ,കില,തൃശ്ശൂർ
ജോയിന്റ് ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഇ&ആർഎസ്എ/ജി&എസ്.എസ്എ),
കേരള,തിരുവനന്തപുരം
ധനകാര്യ(WCD) വകുപ്പ്
തദ്ദേശ സ്വയംഭരണ(എഫ്.എം) വകുപ്പ്
ഐ&പിആർഡി(വെബ്& ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Geetha. T. S
സെക്ഷൻ ഓഫീസർ
Date: 29-08-2025 12:22:56